LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം
അജണ്ടയിലെ മൂന്നാമത്തെ ഇനമായി സഭയുടെ മേശപ്പുറത്തുവച്ച കടലാസ്സുകളുടെ പട്ടിക
(ലിസ്റ്റ് II പ്രകാരം)

സംസ്ഥാനത്തെ പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകൾ

1 (1161) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-മെട്രിക് ഹോസ്റ്റൽ പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ;

(ബി) എത്ര ഹോസ്റ്റലുകളിൽ ഈ വർഷം പദ്ധതി നടപ്പിലാക്കുന്നുണ്ട് ;

(സി) സെപ്റ്റംബർ 3-ന് ചങ്ങനാശ്ശേരിയിൽ നടന്ന പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടന പരിപാടിക്ക് എത്രതുക ചെലവഴിച്ചു ;

(ഡി) ഇതിനായി പരസ്യം നൽകിയതു വഴി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് എത്ര തുക ചെലവായി ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രീ-മെട്രിക് ഹോസ്റ്റൽ ലൈബ്രറി നവീകരണ പദ്ധതിക്ക് ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷത്തിൽ ലൈബ്രറി നവീകരണത്തിനായി പട്ടികജാതി വികസന വകുപ്പിൽ Critical Gap filing fund (Plan) എന്ന ശീർഷകത്തിൽ നിന്നും 99,00,000 രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 2225-02-800-64-കോർപ്പസ് ഫണ്ട് (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് 81,39,500 രൂപയും അനുവദിക്കുകയുണ്ടായി.

(ബി) പട്ടികജാതി വികസന വകുപ്പിൽ 90 പ്രീ-മെട്രിക് ഹോസ്റ്റലുകളിലും പട്ടികവർഗ്ഗ വികസന വകുപ്പിൽ 107 പ്രീ-മെട്രിക് ഹോസ്റ്റലുകളിലും, 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലും, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ലൈബ്രറി നവീകരണം നടപ്പിലാക്കുന്നുണ്ട്.

(സി) 20,000 രൂപ

(ഡി) പ്രീ-മെട്രിക് ഹോസ്റ്റൽ ലൈബ്രറി നവീകരണ പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടന പരിപാടിക്കായി സി, ഡി കാറ്റഗറിയിൽപ്പെട്ട 16 പത്രങ്ങളിൽ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് വഴി പരസ്യം നൽകിയ വകയിൽ ആകെ 8,54,600 രൂപ പട്ടികജാതി വികസന വകുപ്പിന് ചെലവായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ഭൂരഹിത - ഭവനരഹിത പട്ടികജാതിക്കാർക്കുള്ള പുനരധിവാസപദ്ധതി

2 (4182) ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത-ഭവനരഹിത പട്ടികജാതിക്കാർക്കുള്ള പുനരധിവാസ പദ്ധതിയിൽ 2005-06 മുതൽ 2010-11 വരെയുള്ള കാലയളവിൽ എത്ര ഭൂമി വകയിരുത്തിയിരുന്നുവെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ എത്രപേർ ഈ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു ;

(സി) എത്ര പേർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം പ്രസ്തുത പീരിയഡിൽ ആനുകൂല്യം വിതരണം ചെയ്തത് ;

(ഡി) ലഭ്യമായ ഭൂമിയിൽ എത്ര ഭൂമി ചെലവഴിച്ചു; എത്ര ഭൂമി പാഴാക്കിയെന്നും വ്യക്തമാക്കാമോ ;

(ഇ) ഭൂമി പാഴാക്കുവാനുള്ള കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതിക്കായി വകുപ്പ് നേരിട്ട് അപേക്ഷ ക്ഷണിക്കാറില്ല. ഗ്രാമ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നത്.

(സി&ഡി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly